ന്ത്രണ) ബില്ലിന്റെ അനുബന്ധമായിട്ടാണ് ഈ സ്വകാര്യ ബിൽ ഞാൻ ഇവിടെ കൊണ്ടു വരുന്നത്. ആരോഗ്യമുള്ള സമൂഹം ഏതു രാജ്യത്തിന്റെയും സമ്പത്താണ്. രോഗം വിതയ്ക്കുന്ന ചുറ്റുപാടുകളും സാമൂഹ്യ സാഹചര്യങ്ങളും ഒഴിവാക്കുകയാണ് ആദ്യമായി ചെയ്യേണ്ടത്. പൊതുജനാരോഗ്യ പ്രവർത്തനങ്ങളുടെ ഭാഗമായി ആവശ്യമായ ചികിത്സാ സൗകര്യം ഉറപ്പുവരുത്തേണ്ടത് നമ്മുടെ കടമയാണ്. സ്വാതന്ത്ര്യം നേടി 50 വർഷം പിന്നിട്ടിട്ടും ഈ രംഗത്ത് നമുക്ക് വേണ്ടത്ര ഫലപ്രദമായി മുന്നേറുവാൻ കഴിഞ്ഞിട്ടില്ല. വേണ്ടത്ര സർക്കാർ ആശുപത്രികളുടെയും ലാബുകളുടെയും അഭാവം ഈ രംഗത്ത് സ്വകാര്യ മേഖല തഴച്ചു വളരുന്നതിന് ഇടയാക്കി. സ്വകാര്യ ആശുപത്രികളും അതുപോലെ ചികിത്സാ രംഗത്ത് ഒഴിച്ചുകൂടാനാകാത്ത ഒന്നായി നിലനിൽക്കുകയാണ്. ആധുനിക ചികിത്സാ രീതി, ശാസ്ത്രീയ പരീക്ഷണ നിരീക്ഷണങ്ങളിലൂടെ രോഗ നിർണ്ണയം നടത്തുന്ന സാങ്കേതിക ഉപകരണങ്ങളും അവയുപയോഗിക്കുന്നതിനുള്ള വൈദഗ്ദ്ധ്യവും ആധുനിക ചികിത്സാ രീതിയുടെ ഭാഗമാണ്. ശാസ്ത്രീയമായ പരീക്ഷണങ്ങളിലൂടെ രോഗ നിർണ്ണയം നടത്തേണ്ടത് വിദഗ്ദ്ധവും ഫലപ്രദവുമായ ചികിത്സയ്ക്ക് അനിവാര്യമാണ്. ഇപ്പോൾ സംസ്ഥാനത്തെ മിക്ക ആശുപത്രികളിലും സുസജ്ജമായ ക്ലിനിക്കുകൾ, ലബോറട്ടറികൾ ഇല്ലാത്തതിനാൽ ധാരാളം സ്വകാര്യ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്.

(ചർച്ച തുടരും)

(2) ദി കേരള ഗജമേള (പ്രൊഹിബിഷൻ) ആന്റ് പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി എഗെയിൻസ്റ്റ് എലിഫന്റ്സ് ബിൽ-2000

(ശ്രീ. പി.പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ദി കേരള ഗജമേള (പ്രൊഹിബിഷൻ) ആന്റ് പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി എഗൻസ്റ്റ് എലിഫന്റ്സ് ബിൽ, 2000-ന്റെ അവതരണാനുമതിക്കുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, ഞാൻ ഇതിനെ എതിർക്കുന്നു.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ.....

ശ്രീ. കെ.സി. ജോസഫ് : സർ, നമ്മൾ എല്ലാ ബില്ലുകളും മലയാളത്തിലാക്കുമ്പോൾ, ഇതിന്റെ ഈ പേരു തന്നെ 'കേരള ഗജമേള (പ്രൊഹിബിഷൻ) ആന്റ് പ്രിവൻഷൻ ഓഫ് ക്രൂവൽറ്റി എഗൻസ്റ്റ് എലിഫന്റ്സ് ബിൽ' എന്നാണ്. അതു തന്നെ കേൾക്കാൻ സുഖമില്ലാത്ത കാര്യമാണ്.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : എനിക്ക് ഇംഗ്ലീഷിൽ കാര്യമായ പ്രാഗത്ഭ്യം ഇല്ലാത്തതു കൊണ്ടാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ : അദ്ദേഹത്തിന്റെ ഡെഫനിഷൻ വായിച്ചാൽ ഒരു അമ്പലത്തിലും ഉത്സവം നടത്താൻ പറ്റില്ല.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ആനകൾ നമ്മുടെ സമൂഹത്തിന്റെ ഭാഗമാണ്, സാമൂഹിക ജീവിതത്തിന്റെ ഭാഗമാണ്. നമ്മുടെ സാംസ്കാരിക പൈതൃകത്തിന്റെയും പാരമ്പര്യത്തിന്റെയുമൊക്കെ ഭാഗമാണ്. ഗജമേളകൾ നിരോധിക്കുന്നതിനു വേണ്ടിയാണ് ഈ ബിൽ ഞാൻ അവതരിപ്പിക്കുന്നത്.

1163/2010.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പ്രകാശ് ബാബു : അങ്ങേയ്ക്ക് ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കുന്നതിനുള്ള പ്രചോദനം എന്താണെന്നുള്ളത് ആമുഖമായി പറയാമോ?

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : എല്ലാ ജീവജാലങ്ങളോടുമുള്ള താല്പര്യവും ആഭിമുഖ്യവുമാണ് ഇങ്ങനെയൊരു ബിൽ അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചത്.

ശ്രീ. എ. കണാരൻ : ഇടുക്കിയിലേയും തൊടുപുഴയിലേയും പ്രത്യേക സാഹചര്യം വച്ചു കൊണ്ടാണോ ഇതു പോലൊരു ബിൽ അവതരിപ്പിക്കാൻ പ്രേരിപ്പിച്ചത്?

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ഈ ബിൽ ഡ്രാഫ്റ്റ് ചെയ്യുമ്പോൾ ഇടുക്കിയിലും തൊടുപുഴയിലും യാതൊരു പ്രത്യേക സാഹചര്യവുമുണ്ടായിരുന്നില്ല. എന്തെങ്കിലുമുണ്ടായിട്ടുണ്ടെങ്കിൽ അത് ഈ ബിൽ ഡ്രാഫ്റ്റ് ചെയ്തതിനു ശേഷം മാത്രമാണ്.

ശ്രീ. കെ. ബാബു : ആനപ്പക ഒരിക്കലും അടങ്ങാത്തതാണെന്നു കേട്ടിട്ടുണ്ട്. ഇത് ആനപ്പകയുടെ ഭാഗമായിട്ടാണോ എന്ന് വ്യക്തമാക്കണം.

ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : അങ്ങനെയൊരു ധാരണയുണ്ടാകുന്നത് ശരിയല്ല. അങ്ങനെയൊരു പ്രത്യേക പക ആരോടുമില്ല.

ശ്രീ. ടി.എസ്. ജോൺ : പ്രസിഡന്റ് ക്ലിന്റൻ ഇൻഡ്യയിൽ വന്നപ്പോൾ ആനയെ അണിനിർത്തിയാണ് സ്വീകരിച്ചതെന്നുള്ള കാര്യം ബഹു. മെമ്പർക്ക് അറിയുമോ?

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ക്ലിന്റനെ സ്വീകരിക്കാനാണെങ്കിലും ശരി, ആനകളെ അണിനിരത്തിയത് ശരിയല്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ : 1988-ൽ ഡൽഹിയിൽ ഏഷ്യാഡ് നടന്നപ്പോൾ കേരളത്തിൽ നിന്ന് ആനകളെ കൊണ്ടു പോയി അവിടെ അണിനിരത്തിയത് സംബന്ധിച്ച് ശക്തമായ പ്രതിഷേധം ഉണ്ടായിട്ടുണ്ടല്ലോ. ആനകളോടുള്ള ഈ ക്രൂരത കണ്ടിട്ടാണോ അങ്ങ് ഈ ബിൽ കൊണ്ടു വന്നത്? അതുപോലെ തൃശ്ശൂരിൽ കൃത്രിമപ്പൂര ഗജമേള ശക്തമായ പ്രതിഷേധത്തെത്തുടർന്ന് ടൂറിസത്തിന് നിരോധിച്ചതാണ്. അതിന്റെയുമൊക്കെ അടിസ്ഥാനത്തിലാണോ അങ്ങ് ഈ ബിൽ കൊണ്ടു വന്നിരിക്കുന്നത്?

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ആനകളോട് സ്നേഹവും ആനക്കമ്പവും പണ്ടു മുതൽക്കേ ഉള്ള ഒരു ജില്ലയാണ് തൃശ്ശൂർ. അവിടെ ഗജമേള നിരോധിക്കാൻ വേണ്ടി ബഹു. രാജേന്ദ്രനുൾപ്പെടെയുള്ളവർ എടുത്തിട്ടുള്ള ശ്രമങ്ങളെ ഞാൻ ശ്ലാഘിക്കുകയാണ്. അതും കൂടി ഈ ബിൽ അവതരിപ്പിക്കാൻ എനിക്ക് പ്രചോദനം നൽകിയിട്ടുണ്ട്.

ശ്രീ. പി.ജെ. ജോയി : താങ്കൾ ആനകളോടുള്ള ഈ സ്നേഹം കൊണ്ടാണോ ഇങ്ങനെ ഒറ്റയാനായി കഴിയുന്നത്?

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ഞാൻ ഒരു സമൂഹത്തിന്റെ ഭാഗമായിട്ടാണ് ജീവിക്കുന്നത്. ഒറ്റയാനാണെന്നു പറയുന്നത് ശരിയല്ല. ഗജമേള നിരോധിക്കുന്നതിനും ആനകളോടുള്ള ക്രൂരത തടയുന്നതിനുമാണ് ഞാൻ ഈ ബിൽ അവതരിപ്പിക്കുന്നത്. ആനകളോട് മാത്രമല്ല എല്ലാ മൃഗങ്ങളോടുമുള്ള ക്രൂരത തടയണമെന്നുള്ള വിശാലമായ താൽപര്യമാണ് ഈ ബിൽ അവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. രാജു : എല്ലാ മൃഗജാതികളോടുമുള്ള സ്നേഹം കൊണ്ടാണ് ഈ ബിൽ അവതരിപ്പിക്കുന്നതെന്നു പറഞ്ഞു. എല്ലാ ദിവസവും വൈകുന്നേരം അങ്ങ് കോഴി കഴിക്കുന്നുണ്ടല്ലോ? ഈ ബിൽ ആത്മാർത്ഥതയോടുകൂടിയാണ് അവതരിപ്പിക്കുന്നതെങ്കിൽ അങ്ങയുടെ കോഴിതീറ്റ ഇന്നത്തോടുകൂടി അവസാനിപ്പിക്കുമോ?

ശ്രീ. പി.പി സുലൈമാൻ റാവുത്തർ : സർ, ഞാൻ വളരെ അപൂർവമായിട്ടേ കഴിക്കുകയുള്ളൂ. പ്രകൃതിയിൽ മനുഷ്യനും മറ്റ് ജീവജാലങ്ങളും നെയ്തതായ അതിർവരമ്പുകൾ മാനിക്കുകയും നിലനിർത്തുകയും ചെയ്യുന്ന രീതിയാണ് ഇന്ന് അവലംബിച്ചുപോരുന്നത്. തന്റെ പുരോഗതിക്കും സൗകര്യത്തിനും വേണ്ടി പ്രകൃതിയെ പരിക്കേൽപ്പിക്കുവാനും കടന്നാക്രമിക്കുവാനും എല്ലാ ജീവജാലങ്ങളേയും തന്റെ വരുതിയിൽ കൊണ്ടുവരാനും തയ്യാറായ മനുഷ്യന്റെ അഹന്തയും ധിക്കാരവുമാണ് എല്ലാ കുഴപ്പങ്ങൾക്കും കാരണമെന്ന് എനിക്ക് തോന്നുന്നു. പ്രാചീന മനുഷ്യൻ കാട്ടിൽ എല്ലാ മൃഗങ്ങളോടും ഇണങ്ങിച്ചേർന്നാണ് ജീവിച്ചിരുന്നത്. അപകടകാരികളായ ക്ഷുദ്രജന്തുക്കൾ പോലും മനുഷ്യനോട് ഇണങ്ങി പൊരുത്തപ്പെട്ടാണ് ജീവിച്ചുവന്നിട്ടുള്ളത്. പുലിപ്പുറത്ത് യാത്ര ചെയ്യുന്ന ശബരിമല അയ്യപ്പന്റെ ചിത്രം നമ്മുടെ മുമ്പിലുണ്ട്. ഒരു മൃഗവും സ്വയമേവ മനുഷ്യനെ ഉപദ്രവിക്കാറില്ല.

ശ്രീ. കെ.പി. രാജേന്ദ്രൻ : തൃശൂർ ജില്ലയിൽ മൂന്ന് ആനക്കുട്ടികൾ അടുത്ത കാലത്ത് ചരിഞ്ഞത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? തൃശൂർ ശങ്കരൻകുളങ്ങര ക്ഷേത്രത്തിലെ ഗണേശൻ, തൃശ്ശൂർ കുട്ടൻകുളങ്ങര ക്ഷേത്രത്തിലെ കണ്ണൻ പട്ടാഭിഷേകം സിനിമയിൽ ജയറാമിനോടൊപ്പം അഭിനയിച്ചത്; മുണ്ടത്തിക്കോടുള്ള ഉണ്ണികൃഷ്ണൻ?

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : ആനയോട് കാണിക്കുന്ന ക്രൂരതയുടെ ഫലമായിട്ടാണ് ഇതെല്ലാം സംഭവിക്കുന്നത്.

മി. സ്പീക്കർ : അങ്ങേയ്ക്ക് അടുത്ത ദിവസം ഇതു തുടരാം.

(ചർച്ച തുടരും)

(3) 2000-ത്തിലെ കേരള റോഡപകട നിർമ്മാർജ്ജന അതോറിറ്റി ബിൽ

(ശ്രീ. പി.പി. സുലൈമാൻ റാവുത്തർ നോട്ടീസ് നൽകിയത്)

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, ഞാൻ 2000-ത്തിലെ കേരള റോഡപകട നിർമ്മാർജ്ജന അതോറിറ്റി ബില്ലിന്റെ അവതരണാനുമതിക്കുള്ള പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗതവും വനവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു): സർ, 1997-ൽ അഡീണൽ ചീഫ് സെക്രട്ടറി ചെയർമാനായി ഒരു ഉന്നതാധികാര സമിതിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് മറ്റ് സംവിധാനങ്ങളേർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ പറഞ്ഞ തരത്തിലുള്ള റോഡപകടങ്ങൾ പരിഹരിക്കുന്നതിനാവശ്യമായ ഫലപ്രദമായ നടപടി സ്വീകരിക്കാൻ ഇവിടെ ഒരു സമിതി നിലവിലുണ്ട്. അതുകൊണ്ട് ഇത് അംഗീകരിക്കാൻ നിവൃത്തിയില്ല.

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : സർ, നമ്മുടെ സംസ്ഥാനത്ത് നിരന്തരമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന റോഡപകടങ്ങളാണ് ഇപ്പോൾ ഇങ്ങനെയൊരു ബില്ലവതരിപ്പിക്കാൻ എന്നെ പ്രേരിപ്പിച്ചത്. എല്ലാദിവസവും റോഡ

LIBRARY ARCHIVES Kerala Legislative Assembly